**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1007** **31-01-2024 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് കല്ലായി പുഴയുടെ ആഴം കൂട്ടുന്ന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് കല്ലായി പുഴ ആഴം കൂട്ടുന്നതിനു പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; | (എ) | കോഴിക്കോട് കല്ലായി പുഴയുടെ ആഴം കൂട്ടുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. കല്ലായി പുഴയിലെ കടുപ്പിനി മുതൽ കോതി വരെയുള്ള 4.20 കി.മി. വരുന്ന ഭാഗത്ത് ചെളിയും മറ്റും നീക്കം ചെയ്യുന്നതിന് കോഴിക്കോട് കോർപ്പറേഷൻ 7.90 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കി Desilting of Kallai river from Kaduppini to Kothi in Kozhikode Corporation എന്ന പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. |
| (ബി) | എങ്കിൽ പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദീകരിക്കാമോ? | (ബി) | പ്രസ്തുത പ്രവൃത്തിക്കായി ആദ്യം ടെണ്ടർ ക്ഷണിച്ചിരുന്നുവെങ്കിലും കരാറുകാരിൽ നിന്നും പ്രതികരണം ലഭിക്കാത്തതിനെ തുടർന്ന് റീ ടെണ്ടർ ക്ഷണിക്കുകയും ചെയ്തിരുന്നു. പ്രസ്തുത റീടെണ്ടറിൽ കരാറുകാരൻ quote ചെയ്ത നിരക്ക് അധികരിച്ചതിനാൽ വീണ്ടും ടെണ്ടർ ചെയ്യുന്നതിന് സർക്കാരിൽ നിന്നും നിർദ്ദേശം ലഭിച്ചതിനെ തുടർന്ന് കോഴിക്കോട് നോർത്ത് സർക്കിൾ കാര്യാലയത്തിൽ നിന്നും 3 തവണ റീടെണ്ടർ ചെയ്തതിൽ 2 തവണ കരാറുകാർ ആരും തന്നെ പങ്കെടുത്തില്ല. മൂന്നാമത്തെ തവണ ടെണ്ടർ ചെയ്തതിൽ കരാറുകാരൻ quote ചെയ്ത തുക എസ്റ്റിമേറ്റ് തുകയെക്കാൾ 216.11 % അധികരിച്ച നിരക്ക് ആയതിനെ തുടർന്ന്, റീ ടെണ്ടർ ചെയ്യുന്നതിന് വീണ്ടും നിർദ്ദേശം നൽകിയതനുസരിച്ച് 23.01.2024 ന് കോഴിക്കോട് നോർത്ത് സർക്കിൾ കാര്യാലയത്തിൽ നിന്നും വീണ്ടും ടെണ്ടർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ